روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# ഇസ്‌ലാമിലെ ശിക്ഷാനിയമം കാടത്തമോ?

19/04/2024
روضة الخطباء
sufaraulislam.com

പ്രിയപ്പെട്ട ഖത്തീബുമാരെ,
ഈ സന്ദർഭത്തിൽ നമ്മുടെ മിമ്പറുകളിൽ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ് ഈ ആഴ്ച്ച ഖുത്തുബ നോട്ടായി നൽകുന്നത്. അൽപം വിശദമായി നോട്ട് നൽകയിത് വിഷയങ്ങൾ മനസ്സിലാക്കാൻ വേണ്ടിയാണ്. ഏറ്റവും നന്നായി വിഷയം പഠിച്ച്  പരമാവധി ചുരുക്കി ആളുകൾക്ക് മനസ്സിലാവുന്ന രൂപത്തിൽ പറയാൻ ശ്രദ്ധിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

بسم الله الرحمن الرحيم

- ഫാഷിസം വെറുപ്പിന്റെയും വിഭാഗീയതയുടെയും വിഷം പുരട്ടുമ്പോൾ അത് തങ്ങളെ ബാധിച്ചിട്ടില്ല എന്ന് കേരളം തെളിയിച്ച ദിനങ്ങളാണ് കടന്നുപോയത്.
- വധശിക്ഷക്ക് വിധിക്കപ്പെട്ട വ്യക്തിയുടെ മോചന ദ്രവ്യത്തിന് വേണ്ടി പാർട്ടിയും മതവും നോക്കാതെ മലയാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒന്നിച്ചു.
- ഈയൊരു ഐക്യം നിലനിൽക്കുന്നിടത്തോളം നമ്മുടെ ശത്രു നിരാശപ്പെട്ടു കൊണ്ടിരിക്കും.
- ഇതിനിടയിൽ ഇക്കാര്യത്തെ ഇസ്ലാമിനെ വിമർശിക്കാനും സൗദി ഭരണകൂടത്തെ കുറച്ചു കാണിക്കാനും ചിലർ ബോധപൂർവ്വം പരിശ്രമങ്ങൾ നടത്തുന്നു
- ഇസ്ലാം വിമർശിക്കപ്പെടുമ്പോൾ എല്ലാം അതിന്റെ നീതിയും സൗന്ദര്യവും കൂടുതൽ ജനങ്ങൾക്ക് ബോധ്യപ്പെടലാണ് പതിവ്.
- അതുകൊണ്ട് വിശാലമായ ഈ വിഷയത്തെ നമുക്ക് ചുരുങ്ങിയ രീതിയിൽ മനസ്സിലാക്കാം.

വിവാദ വിഷയത്തിന് വഴിവെച്ച വിഷയത്തിൽ ഇസ്ലാമിക ഭരണ കൂടം ഏതെങ്കിലും വ്യക്തിക്ക് ശിക്ഷ വിധിക്കുന്നുണ്ടെങ്കിൽ കുറ്റം ചെയ്തിട്ടുണ്ട് എന്ന ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ്. വധ ശിക്ഷക്ക് വിധിക്കപ്പെട്ട വ്യക്തിയുടെ അടുക്കൽ പിഴവ് സംഭവിച്ചിട്ടുണ്ട് എന്ന തന്നെയാണ്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. അദ്ദേഹത്തിന്റെ മോചനത്തിന് വേണ്ടി  പ്രവർത്തിക്കുക എന്നത് ഇസ്ലാം അനുവദിച്ചു തന്ന കാര്യവുമാണ്. കുറ്റം ചെയ്തവർക്ക് തൗബ ചെയ്യാനും ജീവിതം നന്നാക്കാനും ഇതൊരു അവസരമാകും.

- **അഞ്ചു കാര്യങ്ങളുടെ സംരക്ഷണം വളരെ ഗൗരവത്തിലാണ് ഇസ്ലാം കാണുന്നത്.**

**الضَّرُورات الخمس /الكُلِّيّاتُ الخمس എന്നാണ് ഇത് അറിയപ്പെടുന്നത്.**

| ഒന്ന് | രണ്ട് | മൂന്ന് | നാല് | അഞ്ച് |
|---|---|---|---|---|
| ഒരു വ്യക്തിയുടെ (ഇസ്ലാം) മതം | ജീവൻ, | ബുദ്ധി, | കുടുംബ പരമ്പര, | സമ്പത്ത്. |

- അതിനാൽ ഈ കാര്യങ്ങൾക്ക് തടസ്സമാകുന്ന എല്ലാത്തിനെയും വലിയ പാതകമായും ഇസ്ലാം കാണുന്നു.
- ഉദാ: ശിർക്ക്, കൊലപാതകം, ലഹരി, വ്യഭിചാരം, മോഷണം
- ഇതിലേക്ക് എത്തുന്ന വഴികളെയും ഇസ്ലാം നിരോധിക്കുന്നു
- കൊലപാതകവും അതിനെ തുടർന്നുണ്ടായ ശിക്ഷാ നടപടിയും ആണല്ലോ ഇപ്പോഴത്തെ ചർച്ചാ വിഷയം, എന്താണ് ആ വിഷയത്തിലുള്ള ഇസ്ലാമിന്റെ കാഴ്ചപ്പാട്.

**കുറ്റകൃത്യങ്ങൾ തടയുന്നു.**

കൊലപാതകത്തിന്റെ ശിക്ഷ വിവരിക്കുമ്പോൾ തന്നെ മനുഷ്യ ജീവന്റെ വിലയും അന്യായമായി വധിച്ചാൽ പാരത്രിക ശിക്ഷയും ഇസ്ലാം പഠിപ്പിക്കുന്നു.

وَمَنْ أَحْيَاهَا فَكَأَنَّمَا أَحْيَا النَّاسَ جَمِيعًا.

وَمَنْ يَقْتُلْ مُؤْمِنًا مُتَعَمِّدًا فَجَزَاؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللَّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا (النساء: ٩٣).

عَنِ أَبِي بَكْرَةَ رضي الله عنه قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: «إِذَا التَقَى المُسْلِمَانِ بِسَيْفَيْهِمَا فَالقَاتِلُ وَالمَقْتُولُ فِي النَّارِ، فَقُلْتُ: يَا رَسُولَ اللهِ هَذَا القَاتِلُ فَمَا بَالُ المَقْتُولِ؟ قَالَ: إِنَّهُ كَانَ حَرِيصًا عَلَى قَتْلِ صَاحِبِهِ (البُخَارِيُّ ومُسْلِمٌ)

അബൂബക്റ (റ) വിൽ നിന്ന് നിവേദനം; നബി (സ) ഇപ്രകാരം പറയുന്നത് കേട്ടു: "രണ്ട് മുസ്‌ലിംകൾ വാൾ കൊണ്ട് ഏറ്റുമുട്ടിയാൽ കൊല്ലുന്നവനും കൊല്ലപ്പെടുന്നവനും നരകത്തിലാണ്. ഞാൻ ചോദിച്ചു: അല്ല പ്രവാചകരേ കൊന്നവന്റെ കാര്യം ശരി. എന്നാൽ കൊല്ലപ്പെട്ടവന്റെ കാര്യമെന്താണ്?" അദ്ദേഹം പറഞ്ഞു: തന്റെ കൂട്ടുകാരനെ കൊല്ലാൻ അവൻ ആഗ്രഹിച്ചിരുന്നു. (ബുഖാരി, മുസ്‌ലിം)

إن دماءَكم وأموالَكم وأعراضَكم عليكم حرامٌ كحُرمةِ يومِكم هذا، في شهرِكم هذا، في بلدِكم هذا» متفق عليه.

**പരലോകത്ത് ആദ്യം വിചാരണ ചെയ്യപ്പെടുന്ന കുറ്റം കൊലപാതകത്തിൽ ആയിരിക്കും എന്ന് പ്രവാചകൻ.**

أولُ ما يُقضَى بين الناسِ يوم القيامة في الدماء»؛ متفق عليه.

- **ഒരു വ്യക്തിയുടെ അഭിമാനത്തെ പോലും പവിത്രമായി കാണുന്ന ഇസ്ലാം അവന്റെ ശരീരത്തിനും വില കൽപ്പിച്ചു.**
- ഇത്രയെല്ലാം താക്കീത് ചെയ്തിട്ടും ഒരാൾ കൊലപാതകം നടത്തിയാൽ എന്തു ചെയ്യണം ?
- **ഇസ്ലാമിക നിയമങ്ങൾ കാടത്തമാണെന്ന് പറയുന്നവർ വിഷയം പഠിച്ചാൽ ഇസ്ലാം സ്വീകരിക്കും .**
- **മനുഷ്യനെ സൃഷ്ടിച്ച റബ്ബ് അവന് അനുയോജ്യമായ വിധികളാണ് വിവരിക്കുന്നത്**

اَفَحُكْمَ الْجَاهِلِيَّةِ يَبْغُوْنَ ۚ وَمَنْ اَحْسَنُ مِنَ اللّٰهِ حُكْمًا لِقَوْمٍ يُوقِنُونَ ﴾ [المائدة:٥٠]

ജാഹിലിയ്യത്തിന്റെ (അനിസ്ലാമിക മാർഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?

قُلْ يَا أَيُّهَا النَّاسُ قَدْ جَاءَكُمُ الْحَقُّ مِنْ رَبِّكُمْ فَمَنِ اهْتَدَى فَإِنَّمَا يَهْتَدِي لِنَفْسِهِ وَمَنْ ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا وَمَا أَنَا عَلَيْكُمْ بِوَكِيلٍ.[يونس:١٠٨].

- പ്രതികാരങ്ങൾ മാത്രം ശീലിച്ചിരുന്ന സമൂഹത്തിലേക്കാണ് പ്രവാചകൻ വരുന്നത്. ഒരു വ്യക്തിയെ കൊന്നാൽ ഒരു ഗോത്രത്തെ പോലും നശിപ്പിക്കുന്ന ദുരമൂത്ത ഒരു സമൂഹം അവിടെ ഉണ്ടായിരുന്നു.

**ജാഹിലിയ്യത്തിലെ അറബികൾ പറയുമായിരുന്നു .**

الدم لا يُغسَلُ إلا بالدّم.

"രക്തം രക്തം കൊണ്ട് മാത്രമേ കഴുകാൻ കഴിയൂ."

وقيل لأعرابي:"أيسرك أن تدخل الجنة ولا تسيء إلى من أساء إليك؟ فقال: بل يسرني أن أدرك الثأر وأدخل النار."

ഒരു ബദുവിനോടു ചോദിച്ചു: നിങ്ങളെ ദ്രോഹിച്ചവരെ ഉപദ്രവിക്കാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതിൽ നിങ്ങൾക്ക് സന്തോഷമില്ലേ? അവൻ പറഞ്ഞു: തിരിച്ച് പ്രതികാരം ചെയ്ത് നരകത്തിൽ പ്രവേശിക്കലാണ് എന്റെ സന്തോഷം.

**ഇവിടെയാണ് ഇസ്‌ലാം പ്രായോഗികമായ നിയമം അവതരിപ്പിക്കുന്നത്.**

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الْقِصَاصُ فِي الْقَتْلَى ۖ الْحُرُّ بِالْحُرِّ وَالْعَبْدُ بِالْعَبْدِ وَالْأُنثَىٰ بِالْأُنثَىٰ ۚ فَمَنْ عُفِيَ لَهُ مِنْ أَخِيهِ شَيْءٌ فَاتِّبَاعٌ بِالْمَعْرُوفِ وَأَدَاءٌ إِلَيْهِ بِإِحْسَانٍ ۗ ذَٰلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ ۗ فَمَنِ اعْتَدَىٰ بَعْدَ ذَٰلِكَ فَلَهُ عَذَابٌ أَلِيمٌ ﴿١٧٨﴾ [البقرة ١٧٨]

وَكَتَبْنَا عَلَيْهِمْ فِيهَا أَنَّ النَّفْسَ بِالنَّفْسِ وَالعَيْنَ بِالعَيْنِ وَالأَنْفَ بِالأَنْفِ وَالأُذُنَ بِالأُذُنِ وَالسِّنَّ بِالسِّنِّ وَالجُرُوحَ قِصَاصٌ فَمَنْ تَصَدَّقَ بِهِ فَهُوَ كَفَّارَةٌ لَهُ وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ فَأُولَئِكَ هُمُ الظَّالِمُونَ [المائدة:٤٥].

പത്രമാധ്യമങ്ങളിൽ ദിനേന കൊലപാതക വാർത്തകൾ നാം കണ്ടുകൊണ്ടിരിക്കുന്നു.

കുറ്റവാളി അർഹിക്കപ്പെട്ട ശിക്ഷ ലഭിക്കാതെ രക്ഷപ്പെടുമ്പോൾ കൊല ചെയ്യപ്പെട്ടവരുടെ ബന്ധുക്കളുടെ കണ്ണുനീരുകൾ എത്രയോ നാം കണ്ടതാണ്.

- **ഇവിടെയാണ് ഇസ്ലാമിക ശിക്ഷ നിയമം മികച്ച് നിൽക്കുന്നത് .**

**മൂന്ന് രൂപത്തിലാണ് കൊലപാതകങ്ങൾ നടക്കുക**

**മൂന്നിനെയും ഇസ്ലാം കൃത്യമായി വിശദീകരിച്ചു**

**1. അറിയാതെ സംഭവിക്കുക.**

قتل الخطأ

ഉദാ: ഒരാൾ വേട്ട മൃഗത്തെ വെടിവെച്ച അബദ്ധത്തിൽ അതൊരു വ്യക്തിക്ക് കൊണ്ട് മരണത്തിനിടയാക്കുക.

**2. മനപ്പൂർവമല്ല എന്നാൽ അതിനോട് സാദൃശ്യമുള്ളത്**

شِبه العَمد

- കൊല ചെയ്യുക എന്ന ഉദ്ദേശത്തിൽ അല്ലാതെ സാധാരണ കൊലക്ക് ഉപയോഗിക്കാത്ത വസ്തുക്കൾ മുഖേന മരണപ്പെടുക
- ഉദാ: പരസ്പരം തർക്കിക്കുന്നതിനിടയിൽ ചെറിയ വടികൊണ്ട് ഒരു അടി കൊടുത്തു പക്ഷേ അത് മർമ്മത്തിൽ തട്ടി വ്യക്തി മരണപ്പെട്ടു.

- ഇത്തരം സാഹചര്യങ്ങളിൽ കുറ്റവാളി കഫ്ഫാറത്തും ദിയയും നൽകണം

وَمَا كَانَ لِمُؤْمِنٍ أَنْ يَقْتُلَ مُؤْمِناً إِلا خَطَأً وَمَنْ قَتَلَ مُؤْمِناً خَطَأً فَتَحْرِيرُ رَقَبَةٍ مُؤْمِنَةٍ وَدِيَةٌ مُسَلَّمَةٌ إِلَى أَهْلِهِ إِلا أَنْ يَصَّدَّقُوا فَإِنْ كَانَ مِنْ قَوْمٍ عَدُوٍّ لَكُمْ وَهُوَ مُؤْمِنٌ فَتَحْرِيرُ رَقَبَةٍ مُؤْمِنَةٍ وَإِنْ كَانَ مِنْ قَوْمٍ بَيْنَكُمْ وَبَيْنَهُمْ مِيثَاقٌ فَدِيَةٌ مُسَلَّمَةٌ إِلَى أَهْلِهِ وَتَحْرِيرُ رَقَبَةٍ مُؤْمِنَةٍ فَمَنْ لَمْ يَجِدْ فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِنَ اللَّهِ وَكَانَ اللَّهُ عَلِيماً حَكِيماً ( النساء/٩٢ )

നബി (സ) പഠിപ്പിച്ചു;

عَنِ ابْنِ عَبَّاسٍ رضي الله عنهما عَنِ النَّبِيِّ صلى الله عليه وسلم قَالَ: «إِنَّ اللهَ وَضَعَ عَنْ أُمَّتِي الخَطَأَ، وَالنِّسْيَانَ، وَمَا اسْتُكْرِهُوا عَلَيْهِ

അബ്ദുല്ലാഹ് ഇബ്നു അബ്ബാസ് (റ) നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു: തീർച്ചയായും, അല്ലാഹു എന്റെ ഉമ്മത്തിന് അബദ്ധവും, മറവിയും, നിർബന്ധിക്കപ്പെട്ട് ചെയ്ത കാര്യങ്ങളും പൊറുത്തു കൊടുത്തിട്ടുണ്ട്.

**പ്രവാചക കാലത്തു നടന്ന ഒരു സംഭവം .**

اقْتَتَلَتِ امْرَأَتانِ مِن هُذَيْلٍ، فَرَمَتْ إحْداهُما الأُخْرى بحَجَرٍ فَقَتَلَتْها وما في بَطْنِها، فاخْتَصَمُوا إلى النبيِّ ﷺ، فَقَضى أنّ دِيَةَ جَنِينِها غُرَّةٌ، عَبْدٌ أوْ ولِيدَةٌ، وقَضى أنّ دِيَةَ المَرْأَةِ على عاقِلَتِها( بخاري، مسلم)

ഹുദൈൽ ഗോത്രത്തിലെ രണ്ട് സ്ത്രീകൾ തമ്മിൽ വഴക്ക് ഉണ്ടായി. ഒരാൾ മറ്റൊരാളെ കല്ലെറിഞ്ഞു. അതിൽ ആ രണ്ടാമത്തെ സ്ത്രീയും അവളുടെ വയറ്റിലെ കുഞ്ഞും മരിച്ചു. ഈ സംഭവം നബി ﷺ യുടെ അടുത്ത് എത്തിയപ്പോൾ നബി ﷺ വിധിച്ചത് ഇപ്രകാരമാണ്:

**ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ ദീയത് ഒരു ഗുർറയാണ് (ഒരു അടിമ).**

**സ്ത്രീയുടെ ദീയത് അവളുടെ കുടുംബാംഗങ്ങൾ നൽകണം.**

**3. മനപ്പൂർവ്വം വധിക്കുക. (ഈ വിഷയമാണ് ഇപ്പോൾ ചർച്ചക്ക് ഇടയായത്)**

- **ഇത്തരം സാഹചര്യത്തിൽ കുറ്റം തെളിയിക്കപ്പെട്ടാൽ മൂന്നു രൂപമാണുള്ളത്.**

1. **വധശിക്ഷ**
2. **മോചനം ദ്രവ്യം നൽക്കുക**
3. **ബന്ധുക്കൾ കുറ്റവാളിക്ക് മാപ്പ് നൽകുക.**

- ഇവിടെയാണ് ഇസ്ലാമിന്റെ മാനവികത മികച്ച് നിൽക്കുന്നത്
- ഇത് തീരുമാനിക്കാനുള്ള അവകാശം വേദന അനുഭവിക്കുന്ന ബന്ധുക്കൾക്കാണ് റബ്ബ് നൽകുന്നത്.

وَمَنْ قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِ سُلْطَانًا فَلَا يُسْرِفْ فِي الْقَتْلِ إِنَّهُ كَانَ مَنْصُورًا ﴾[الإسراء:٣٣].

- **എന്നാൽ ഇവിടെയും ഇസ്ലാം ക്ഷമക്കും വിട്ടുവീഴ്ചക്കും ആണ് പ്രേരിപ്പിക്കുന്നത്.**

فَمَنْ عُفِيَ لَهُ مِنْ أَخِيهِ شَيْءٌ فَاتِّبَاعٌ بِالْمَعْرُوفِ وَأَدَاءٌ إِلَيْهِ بِإِحْسَانٍ ذَٰلِكَ تَخْفِيفٌ مِّن رَّبِّكُمْ وَرَحْمَةٌ فَمَنِ اعْتَدَىٰ بَعْدَ ذَٰلِكَ فَلَهُ عَذَابٌ أَلِيمٌ ﴿البقرة: ١٧٨﴾

- മോചന ദ്രവ്യമായി വ്യത്യസ്ത പ്രായങ്ങളിലുള്ള 100 ഒട്ടകങ്ങളെയാണ് ഇസ്ലാം വെച്ചിട്ടുള്ളത് അബദ്ധത്തിലോ അറിയാതെയോ സംഭവിച്ച കൊലയിൽ ഇതിൽ അധികം വാങ്ങാൻ പാടില്ല
- എന്നാൽ മനപ്പൂർവ്വം കൊല നടത്തിയാൽ മോചന ദ്രവ്യത്തിൽ അധികമായി കൊല്ലപ്പെട്ട ആളുടെ ബന്ധുക്കൾക്ക് ചോദിക്കാം (മുസ്വാലഹ എന്നാണ് ഇതിന് പറയുക)

عن عمرو بن شعيب، عن أبيه، عن جده، أن رسول الله صلى الله عليه وسلم قال: مَنْ قَتَل مؤمِنا متعمِّدًا دُفِعَ إلى أولياء المَقْتول، فإنْ شاءوا قَتَلوا، وإنْ شاءوا أَخَذوا الدِّيَة، وهي ثلاثون حِقَّة، وثلاثون جَذَعَة، وأَرْبعون خَلِفَة، وما صالحوا عليه فهو لهم، وذلك لتَشْدِيد العَقْل (حسنه الألباني، صحيح الترمذي (١٣٨٧)

ആരെങ്കിലും ഒരു വിശ്വാസിയെ മനപ്പൂർവ്വം കൊന്നാൽ, അതിലെ തീരുമാനം കൊല്ലപ്പെട്ട വ്യക്തിയുടെ രക്ഷാധികാരികൾക്ക് കൈമാറും, അവർ ആഗ്രഹിക്കുന്നവെങ്കിൽ, അവരെ കൊല്ലാം, അവർ ആഗ്രഹിക്കുന്നുവെങ്കിൽ, അവർക്ക് രക്തപ്പണം എടുക്കാം, അതായത് മുപ്പത് ഹിക (حِقّةٌ നാല് വയസായ ഒട്ടകം), മുപ്പത് ജസഅ. (جَذَعَةٌ അഞ്ച് വയസായ ഒട്ടകം) നാല്പത് ഹലിഫ (خَلِف ഗർഭിണിയായ ഒട്ടകം), അവർ പരസ്പരം(صلح) ധാരണയിലായി സമ്മതിക്കുന്നതെന്തും അവരുടേതാണ്, അത് ദിയതിനെ ശക്തിപ്പെടുത്താൻ വേണ്ടിയാണ്.)

**പ്രതികാര നടപടിയിലെ ഇസ്ലാമിൻറെ നീതി എത്രത്തോളം ഉണ്ടെന്ന് ഇനി പറയുന്ന കാര്യങ്ങളിൽ നമുക്ക് കൂടുതൽ ബോധ്യപ്പെടും.**

➔ കൊല്ലപ്പെട്ട വ്യക്തിയുടെ ഉത്തരവാദിത്തപ്പെട്ടവർ എല്ലാവരും വധശിക്ഷയിൽ യോജിക്കണം ഒരാൾ മാപ്പ് കൊടുത്താൽ അതിനെയാണ് പരിഗണിക്കുക. (ഒരാൾ മാപ്പ കൊടുത്താൽ ബാക്കിയുള്ളവർക്ക് ദിയ ലഭിക്കും)

➔ കൊല്ലപ്പെട്ട വ്യക്തിയുടെ ഉത്തരവാദിത്തപ്പെട്ട എല്ലാവരുടെയും അഭിപ്രായങ്ങക്ക് കാത്തു നിൽക്കും.

ഉദാ: കൊല്ലപ്പെട്ട വ്യക്തിയുടെ മകൻ പ്രായപൂർത്തി എത്തിയിട്ടില്ലെങ്കിൽ അവനു പ്രായപൂർത്തി എത്തുന്നതുവരെ കുറ്റം വിധിച്ചാലും കാത്തിരിക്കും കാരണം എന്തു തീരുമാനിക്കണം എന്ന് അവന്റെ കൂടെ അവകാശമാണ് .

➔ മുആവിയ (റ) ഹുദ്ബത്ബ്നു ഖുർശുമിന് (هدبة بن خشرم) ശിക്ഷ വിധിച്ചപ്പോൾ കൊല്ലപ്പെട്ട വ്യക്തിയുടെ മകൻ പ്രായപൂർത്തി എത്തുന്നതുവരെ അദ്ദേഹത്തെ തടവിൽ വെച്ചു എന്ന് കാണാം (മുഗ്നി - ഇബ്നു ഖുദാമ ) സഹാബിമാർ ആരും അതിനെ എതിർത്തിട്ടുമില്ല .

➔ ഒരു സംഘം ചേർന്നാണ് ഒരാളെ കൊന്നത് എങ്കിൽ മുഴുവനാളുകളെയും പ്രതികാരം നടപടി എടുക്കും

عن ابن عمر رضي الله عنهما أنَّ غلامًا قُتل غِيلَةً، فقال عمر رضي الله عنه: لو اشْتَرَكَ فيها أهْلُ صَنْعاء لَقَتَلْتُهم

ഉമർ (റ) ന്റെ കാലത്ത് നാലോ അഞ്ചോ ആളുകൾ ചേർന്ന് ഒരാളെ ചതിയിലൂടെ വധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ആ കൊലപാതകത്തിൽ സ്വൻആഇലെ ആളുകൾ മുഴുവൻ പങ്കാളി ആയിരുന്നെങ്കിൽ ഞാൻ അവരെ എല്ലാവരെയും വധിക്കുമായിരുന്നു.

**പ്രതികാര നടപടി കാടമല്ല ആശ്വസമാണ്.**

وَلَكُمْ فِي الْقِصَاصِ حَيَاةٌ يَا أُولِي الْأَلْبَابِ لَعَلَّكُمْ تَتَّقُونَ [البقرة ١٧٩]

ബുദ്ധിമാൻമാരേ, (അങ്ങനെ) തുല്യശിക്ഷ നൽകുന്നതിലാണ് നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനു വേണ്ടിയത്രെ ഇത് (ഈ നിയമനിർദേശങ്ങൾ).

➢ പരസ്യമായി ജനങ്ങൾക്കിടയിൽ വച്ച് ശിക്ഷ നടപ്പാക്കുന്നത് ഈ കാലഘട്ടത്തിൽ യോജിച്ചതല്ല എന്നാണ് ചിലർ സോഷ്യൽ മീഡിയയിൽ എഴുതിയത്

- ദിനേന എത്രയോ കൊലപാതക വാർത്തകൾ വായിച്ച് അതിനൊന്നും ഒരു തുമ്പും ഇല്ലാതെ പോകുമ്പോൾ വേദനിക്കാത്തവർക്ക് കൃത്യമായി നടപ്പാക്കപ്പെട്ടുന്ന നിയമങ്ങളിൽ വേദനിക്കുന്നത് അന്ധമായ ഇസ്ലാം വിരോധം കൊണ്ടാണ്.
- എന്താണ് അതുകൊണ്ട് ലക്ഷ്യം ഈ സൂക്തത്തെ വിശദീകരിച്ച് അബുൽ ആലിയ (റ) പറയുന്നു.

قَالَ أَبُو الْعَالِيَةِ: جَعَلَ اللَّهُ الْقِصَاصَ حَيَاةً، فَكَمْ مِنْ رَجُلٍ يُرِيدُ أَنْ يقتُل، فَتَمْنَعُهُ مَخَافَةَ أَنْ يُقتل.

അബുൽ അലിയ്യ പറഞ്ഞു: അള്ളാഹ പ്രതികാര നടപടിയെ ജീവിതമാക്കിയിരിക്കുന്നു. എത്രയോ ആളുകൾ കൊല്ലാൻ ഉദ്ദേശിക്കുന്നവരാണ്, എന്നാൽ കൊല്ലപ്പെട്ടുമെന്ന ഭയം അവരെ തടയുന്നു.

- വിഷയങ്ങൾ പഠിക്കുമ്പോഴാണ് ഇസ്ലാമിന്റെ അന്യൂനത ബോധ്യപ്പെടുക.
- എന്താണ് വിഷയങ്ങൾ എന്നു പഠിക്കാതെ പ്രതികരണങ്ങൾ നടത്തുന്നത് അപകടങ്ങളിലേക്ക് എത്തിക്കും. നാം കാര്യങ്ങൾ പഠിച്ച ശേഷം മാത്രം പ്രതികരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+918594044600) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.